# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1002

25.01.2018-ലെ മറുപടി

## പൈപ്പിടൽ പ്രവൃത്തി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ് | | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ഇടക്കൊച്ചി കുടിവെള്ള പദ്ധതിയുടെ അരൂർ പാലം മുതൽ പാവുമ്പായി മൂലയിലെ പദ്ധതി പ്രദേശം വരെയുള്ള പൈപ്പിടൽ പ്രവൃത്തിയുടെ നിജസ്ഥിതി അറിയിക്കുമോ; | (എ) | അരൂർ പാലം മുതൽ പാവുമ്പായിമൂല വരെയുള്ള പൈപ്പ് ലൈനിന്റെ 1 കി.മീറ്റർ ഒഴികെയുള്ള ഭാഗത്തിന്റെ പണികൾ പുരോഗമിച്ചു വരുന്നു. ബാക്കിയുള്ള 1 കി.മീറ്റർ പൈപ്പ് ലൈൻ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ച് വരുന്നു. |
| (ബി) | പൈപ്പിടുന്നതിനായി അമൃത് പദ്ധതിയിൽ അനുവദിച്ച തുകയുടെ ടെണ്ടർ പൂർത്തീകരിച്ചോ; ഈ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) | പൂർത്തീകരിച്ചു. റോഡ് കട്ടിംഗ് അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ച് വരുന്നു. |
| (സി) | പൈപ്പിടൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ? | (സി) | പ്രസ്തുത പ്രവൃത്തി അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയത് 15.08.2017-നാണ്. തുടർ നടപടികൾ സ്വീകരിച്ച് ഇതിനകം കരാർ ഉറപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ